# കേരള സർക്കാർ

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2019 - കണ്ണൂർ ജില്ല – വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ട ശ്രീ. ഷാജി അഗസ്റ്റിൻ, കലയക്കാട്ടിൽ, ആലക്കോട്, തളിപ്പറമ്പ് എന്നയാൾക്ക് 9,04,900/- രൂപ (ഒൻപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

================================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **75/2022/റവ.** തിരുവനന്തപുരം, തീയതി, 04.01.2022.

================================================================================

പരാമർശം:-
1. സ.ഉ. (കൈ) നം. 25/2019/ദു.നി.വ., തീയതി, 23.08.2019.
2. സ.ഉ. (കൈ) നം. 38/2019/ദു.നി.വ., തീയതി, 19.12.2019.
3. സ.ഉ. (സാധാ) നം. 616/2021/ദു.നി.വ, തീയതി, 10.09.2021.

## <u>ഉത്തരവ്</u>

2019-ലെ പ്രളയത്തിൽ വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ട ശ്രീ. ഷാജി അഗസ്റ്റിൻ, കലയക്കാട്ടിൽ, ഒറ്റത്തൈ, വെള്ളാട്, ആലക്കാട്, തളിപ്പറമ്പ് എന്നയാളിന് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് പരാമർശം (3) പ്രകാരം 10 ലക്ഷം രൂപ അനുവദിക്കുകയും, നേരത്തെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച 95,100/- രൂപ കിഴിച്ച് ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച് നൽകേണ്ടതാണെന്നും ഉത്തരവായി.

2. 2019 പ്രളയത്തിൽ സമതല പ്രദേശത്തിൽ വീടിന്റെ നാശനഷ്ടത്തോത് 75-100% ആണെങ്കിൽ ദുരന്തബാധിതർക്ക് 4 ലക്ഷം രൂപയും, വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുവാൻ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ദുരന്തബാധിതർക്കുള്ള 4 ലക്ഷം രൂപയിൽ 95,100/- രൂപ SDRF-ൽ നിന്നും, 3,04,900/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആണ് നൽകേണ്ടത്.

3. ഈ സാഹചര്യത്തിൽ 2019-ലെ പ്രളയത്തിൽ വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ട ശ്രീ. ഷാജി അഗസ്റ്റിൻ കലയക്കാട്ടിൽ, ഒറ്റത്തൈ, വെള്ളാട് എന്നയാൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 95,100/- രൂപ കഴിച്ച് ബാക്കി തുകയായ 9,04,900/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു നൽകാവുന്നതാണ്.

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 9,04,900/- രൂപ (ഒൻപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) ***"2075-00-800-40 Contribution to Chief***

*Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ, ശ്രീ. ഷാജി അഗസ്റ്റിന് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല. എം.,
ഡെപ്യൂട്ടി സെക്രട്ടറി.

ജില്ലാ കളക്ടർ, കണ്ണൂർ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.